# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025–26

# മാതൃകചോദ്യപേപ്പർ

# ഗണിതം

**ക്ലാസ് – 8** **സമയം : 1½ മണിക്കൂർ**

**ആകെ സ്കോർ : 40**

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ്, ചോദ്യങ്ങൾ വായിച്ച് മനസിലാക്കാനും ഉത്തരങ്ങളെക്കുറിച്ച് ചിന്തിക്കാനും ഉപയോഗിക്കുക.
- A, B, C, D എന്ന നാലു ഭാഗങ്ങളിലായി 16 ചോദ്യങ്ങളാണുള്ളത്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **“A അല്ലെങ്കിൽ B”** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ആവശ്യമുള്ള സ്ഥലങ്ങളിൽ ഉത്തരങ്ങൾ വിശദീകരിക്കണം.

---

## Section – A

**1 സ്കോർ വീതമുള്ള 4 ചോദ്യങ്ങളാണ് ഈ വിഭാഗത്തിലുള്ളത്.**

**1.** $(8.5)^2 = 64 + \ldots\ldots + 0.25$

**A.** 2 **B.** 4 **C.** 8 **D.** 16

**2.** ഒരു ത്രികോണത്തിന്റെ ഏത് മൂന്ന് അളവുകൾ മറ്റൊരു ത്രികോണത്തിന്റെ അതേ അളവുകൾക്ക് തുല്യമായാലാണ് മറ്റ് മൂന്നളവുകൾ തുല്യമാവുക?

**A.** മൂന്ന് വശങ്ങൾ

**B.** രണ്ട് വശങ്ങളും ഏതെങ്കിലും ഒരു കോണും

**C.** ഒരു വശവും ഏതെങ്കിലും രണ്ട് കോണുകളും

**D.** മൂന്നുകോണുകൾ

**3.** ചുവടെയുള്ള പ്രസ്താവനകൾ നോക്കുക

**പ്രസ്താവന** A : ഒരു പഞ്ചഭുജത്തിന്റെ അകകോണുകളുടെ തുക 540°.

**പ്രസ്താവന** B : ത്രികോണത്തിന്റെ അകകോണുകളുടെ തുക 180°.

താഴെ പറഞ്ഞിരിക്കുന്നവയിൽ ശരിയായത് കണ്ടുപിടിക്കുക.

**A.** പ്രസ്താവന A ശരിയാണ്, പ്രസ്താവന B തെറ്റാണ്

**B.** പ്രസ്താവന A തെറ്റാണ്, പ്രസ്താവന B ശരിയാണ്

**C.** പ്രസ്താവനകൾ രണ്ടും ശരിയാണ്, A യുടെ കാരണമാണ് B

**D.** പ്രസ്താവനകൾ രണ്ടും ശരിയാണ്, A യുടെ കാരണമല്ല B

© State Assessment cell - SCERT Kerala

**4.** താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ വായിക്കുക.

i. ഒറ്റ സംഖ്യകളുടെ വർഗങ്ങളെല്ലാം ഒറ്റസംഖ്യകളാണ്

ii. പൂർണ്ണവർഗങ്ങളെ 3 കൊണ്ട് ഹരിച്ചാൽ മിച്ചം 2 ആയിരിക്കും.

iii. ഒറ്റ സംഖ്യകളുടെ വർഗത്തെ 4 കൊണ്ട് ഹരിച്ചാൽ മിച്ചം 1 ആയിരിക്കും.

iv. പൂർണ്ണവർഗങ്ങളെ 4 കൊണ്ട് ഹരിച്ചാൽ മിച്ചം 2 അല്ലെങ്കിൽ 0 ആയിരിക്കും.

ചുവടെ പറഞ്ഞിരിക്കുന്നവയിൽ ഏതാണ് ശരി?

**A.** (i) (ii) ശരിയാണ്

**B.** (i) (iii) ശരിയാണ്

**C.** (i) (iv) ശരിയാണ്

**D.** (ii) (iv) ശരിയാണ്

## Section – B

**2 സ്കോറിന്റെ ചോദ്യങ്ങളാണ് ഈ വിഭാഗത്തിലുള്ളത്**

**5.** ഒരു സമബഹുഭുജത്തിന്റെ വശങ്ങളുടെ എണ്ണം 10 ആണ്.

i. ഈ സമബഹുഭുജത്തിന്റെ ഒരു പുറം കോണിന്റെ അളവെത്രയാണ്?

ii. ഒരു അകക്കോണിന്റെ അളവെത്രയാണ്?

**6.** ചിത്രത്തിലെ ചതുർഭുജത്തിന്റെ വികർണത്തിന് മുകളിലെ ഇടതും വലതും വശങ്ങൾ, വികർണത്തിനു താഴെയുള്ള ഇടതും വലതും വശങ്ങൾക്ക് തുല്യമാണ്. ചതുർഭുജത്തിന്റെ കോണുകൾ എല്ലാം കണക്കാക്കുക.




**7.** ഒരു സമപാർശ്വത്രികോണത്തിന്റെ ഒരു കോൺ 80° ആണ്. മറ്റ് രണ്ട് കോണുകൾ എന്തൊക്കെ ആവാം?

**8.** $65 = 8^2 + 1^2$ എന്നത് ഉപയോഗിച്ച് 130 നെ രണ്ട് പൂർണവർഗങ്ങളുടെ തുകയായി എഴുതുക.

## Section – C

**3 സ്കോറിന്റെ ചോദ്യങ്ങളാണ് ഈ വിഭാഗത്തിലുള്ളത്**

**9. (A)** ചുവടെയുള്ള ക്രിയകളുടെ ക്രമം ശ്രദ്ധിക്കുക.

$2^2 - 1^2 = 3 = 2 + 1$

$3^2 - 2^2 = 5 = 3 + 2$

$4^2 - 3^2 = 7 = 4 + 3$

…………………

…………………

© State Assessment cell - SCERT Kerala

i. ഈ ക്രമത്തിൽ അടുത്ത വരി എഴുതുക.

ii. ഇതിലെ പൊതുതത്വം ബീജഗണിത സമവാക്യമായി എഴുതുക.

iii. $50^2 - 49^2$ എത്രയാണ്?

**അല്ലെങ്കിൽ**

**(B)** ചില എണ്ണൽസംഖ്യകളെ രണ്ട് പൂർണ്ണവർഗങ്ങളുടെ വ്യത്യാസമായി എഴുതാം. ഉദാഹരണമായി

$$8 = 4 \times 2 \times 1 = 3^2 - 1^2$$
$$12 = 4 \times 3 \times 1 = 4^2 - 2^2$$
$$16 = 4 \times 4 \times 1 = 5^2 - 3^2$$

i. ഇതുപോലെ 20 നെ രണ്ട് പൂർണ്ണ വർഗങ്ങളുടെ വ്യത്യാസമായി എഴുതുക.

ii. ഇങ്ങനെ 8 മുതലുള്ള 4 ന്റെ ഗുണിതങ്ങളെയെല്ലാം രണ്ട് പൂർണ്ണവർഗങ്ങളുടെ വ്യത്യാസമായി എഴുതുന്ന രീതി വിശദീകരിക്കുക.

**10.** ഒരു ബഹുഭുജത്തിന്റെ പുറം കോണുകളുടെ തുക, അകക്കോണുകളുടെ തുകയുടെ പകുതിയാണ്

i. ഈ ബഹുഭുജത്തിന് എത്ര വശങ്ങളുണ്ട്?

ii. ഇതൊരു സമബഹുഭുജമാണെങ്കിൽ, ഒരു അകക്കോണിന്റെ അളവെത്രയാണ്?

iii. വശങ്ങളുടെ എണ്ണം ഈ ബഹുഭുജത്തിലേതിനെക്കാൾ ഒന്നു കുറവായ സമബഹുഭുജത്തിന്റെ ഒരു പുറം കോണിന്റെ അളവെത്രയാണ്?

**11.** ഒരു സംഖ്യയുടെയും അതിന്റെ വിപരീത ഭിന്നത്തിന്റെയും വർഗങ്ങളുടെ തുക $9\frac{1}{9}$ ആണ്.

i. ആ സംഖ്യകളുടെ തുകയുടെ വർഗം എന്താണ്?

ii. ആ സംഖ്യകളുടെ വ്യത്യാസത്തിന്റെ വർഗം എന്താണ്?

**12.**

**(A)** ഒരുചതുർഭുജത്തിന്റെ രണ്ട് ജോടി എതിർ കോണുകളും തുല്യമാണ്. ഈ ചതുർഭുജം സാമാന്തരികമാണ് എന്ന് തെളിയിക്കുക.

**അല്ലെങ്കിൽ**

**(B)** ചിത്രത്തിൽ O കേന്ദ്രമായ വൃത്തത്തിന്റെ വ്യാസമാണ് *AB*. വൃത്തത്തിലെ മറ്റൊരു ബിന്ദുവാണ് *C*. $\angle ACB$ മട്ടകോണാണെന്ന് തെളിയിക്കുക.




© State Assessment cell - SCERT Kerala

## Section – D

**4 സ്കോറിന്റെ ചോദ്യങ്ങളാണ് ഈ വിഭാഗത്തിലുള്ളത്**

**13.** കലണ്ടറിൽ നിന്നുള്ള 9 സംഖ്യകളുടെ ഒരു സമചതുരമാണ് കൊടുത്തിരിക്കുന്നത്. ഇതിലെ കോണോടുകോൺ വരുന്ന സംഖ്യാജോടികൾ ഗുണിച്ച് വ്യത്യാസം കണക്കാക്കിയാൽ 28 ആണ് കിട്ടുന്നത്.

$16 \times 4 = 64$
$18 \times 2 = 36$
$64 - 36 = 28$

| | | |
|---|---|---|
| 2 | 3 | 4 |
| 9 | 10 | 11 |
| 16 | 17 | 18 |

ഇതുപോലെ കലണ്ടറിൽ നിന്നുള്ള 9 സംഖ്യകളുടെ മറ്റ് സമചതുരങ്ങൾ എടുത്താലും കോണോടുകോൺ വരുന്ന സംഖ്യാജോടികൾ ഗുണിച്ച് വ്യത്യാസം കണക്കാക്കിയാൽ 28 തന്നെ കിട്ടുന്നതിന്റെ കാരണം വിശദീകരിക്കുക.

**14.**

**(A)** ഒരുത്രികോണത്തിന്റെ വശങ്ങൾ 15 സെന്റിമീറ്റർ, 15 സെന്റിമീറ്റർ, 24 സെന്റിമീറ്റർ എന്നിങ്ങനെയാണ്. ത്രികോണത്തിന്റെ ഏകദേശചിത്രം വരയ്ക്കുക. അതിന്റെ പരപ്പളവ് കണക്കാക്കുക.

**അല്ലെങ്കിൽ**

**(B).** ചിത്രത്തിൽ *ABCD* എന്ന സാമാന്തരികത്തിന്റെ എതിർവശങ്ങളുടെ മധ്യബിന്ദുക്കളാണ് *P* യും *Q* വും. *APCQ* സാമാന്തരികമാണെന്ന് തെളിയിക്കുക.




**15.**

**(A)** 4 സെന്റിമീറ്റർ വശമുള്ള ഒരു സമഷഡ്ഭുജം വരയ്ക്കുക.

**അല്ലെങ്കിൽ**

**(B)** വശങ്ങളെല്ലാം 3സെന്റിമീറ്ററും കോണുകൾ തുല്യമല്ലാത്തതുമായ ഷഡ്ഭുജം വരയ്ക്കുക.

**16.** ഒരു രണ്ടക്കസംഖ്യയുടെ വർഗം കണക്കാക്കുന്ന ക്രിയയിലെ ചില സംഖ്യകളാണ് ഇവിടെ കാണിച്ചിരിക്കുന്നത്.

i. വിട്ടുപോയ സംഖ്യകൾ (ചോദ്യ ചിഹ്നം കൊണ്ട് സൂചിപ്പിച്ചവ) എഴുതുക.

ii. ഏത് സംഖ്യയുടെ വർഗമാണ് കണ്ടുപിടിച്ചത്? സംഖ്യയുടെ വർഗമെന്താണ്?

| | | |
|---|---|---|
| | ? | ? |
| ? | 900 | ? |
| ? | | 16 |

© State Assessment cell - SCERT Kerala